"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - തിരുവനന്തപുരം ജില്ലയിലെ കണിയാപുരം മുസ്ലിം ബോയ്സ് എച്ച്.എസ്-ലെ ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി. അനീസ.ജെ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4685/2025/GEDN തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലയിലെ കണിയാപുരം മുസ്ലിം ബോയ്സ് എച്ച്.എസ്-ലെ ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി. അനീസ.ജെ സമർപ്പിച്ച 07/02/2024-ലെ റിവിഷൻ ഹർജി.
2. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25/03/2025-ലെ ബി6/376/2025/ഡി.ജി.ഇ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ1/16692/2024/ഡി.ജി.ഇ നമ്പർ കത്ത്.
4. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 28/03/2025-ലെ ബി3/1215/2025/ഡി.ഡി.ഇ.റ്റി.വി.എം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കണിയാപുരം മുസ്ലിം ബോയ്സ് എച്ച്.എസ്-ലെ ജൂനിയർ അറബിക് അദ്ധ്യാപികയായ ശ്രീമതി. അനീസ.ജെ സമർപ്പിച്ച പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഹർജിക്കാരിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 28/03/2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

i) തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള കണിയാപുരം ബോയ്സ് .എച്ച്.എസ്.എസ്-ൽ 01/06/2015 മുതൽ ജൂനിയർ അറബിക് ടീച്ചർ (എഫ്.റ്റി) ആയി നിയമനാംഗീകാരത്തോടെ തുടർന്നുവന്നയാളാണ് ഞാൻ. 2024-25 അക്കാഡമിക്ക് വർഷത്തെ തസ്തിക നിർണ്ണയത്തിലും ഈ സ്കൂളിൽ ജൂനിയർ അറബിക് തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇതേ മാനേജ്മെന്റിന് കീഴിൽ തന്നെയുള്ള കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്-ൽ സമ്പൂർണയിൽ 2024-25 വർഷം കുട്ടികളുടെ എണ്ണം നൽകിയതിൽ ഉണ്ടായ പിശകുമൂലം മുൻവർഷം വരെ നിലനിന്നിരുന്ന ജൂനിയർ അറബിക് തസ്തിക കുറവ് വരുമെന്ന കണക്കുകൂട്ടലിൽ, 2024-25 ലെ തസ്തിക നിർണ്ണയത്തിന് മുൻപ് തന്നെ ആ തസ്തികയിൽ ജോലി നോക്കിയിരുന്ന എന്റെ സീനിയറായ ശ്രീമതി. താജുന്നിസ. എ, ജൂനിയർ

അറബിക്-നെ കണിയാപുരം മുസ്ലിം ബി.എച്ച്.എസ്-ലേക്ക് മാറ്റി നിയമിക്കപ്പെട്ടതിനെ തുടർന്ന് 15/07/2024 മുതൽ എന്നെ റീട്രഞ്ചിഡായി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാൽ, കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്-ൽ 2024-25 ൽ 6-ാം സാദ്ധ്യായ ദിവസത്തെ യു.ഐ.ഡി സ്റ്റെങ്ങ്ത് അനുസരിച്ച് 5 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിൽ, അറബിക് ഒന്നാം ഭാഷയായി താഴെ പറയും പ്രകാരം കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയാണ്

| Std | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| Effective Strength | 12 | 18 | 39 | 36 | 46 | 32 |
| Admissible Divisions | 1 | 1 | 2 | 2 | 1 | 1 |

ഇതനുസരിച്ച്, 8 ഡിവിഷനുകളും 32 പിരിഡുകളും ലഭ്യമാണ്. അതുകൊണ്ടുതന്നെ, നിലവിലുള്ള 1 എച്ച്.എസ്.റ്റി അറബിക് തസ്തികക്കുപുറമേ യു.പി വിഭാഗത്തിൽ നിലവിലുള്ള ജൂനിയർ അറബിക് തസ്തികകയും നിലനിന്നു പോകുന്നതാണ്. എന്നാൽ, എട്ടാം ക്ലാസിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണം 36 എന്നതിന് പകരം 23 എന്നാണ് സമ്പൂർണ്ണയിൽ നോട്ടപ്പിശകുമൂലം രേഖപ്പെടുത്തപ്പെട്ടത്. എട്ടാം ക്ലാസിൽ പുതിയതായി അഡ്മിഷൻ എടുത്തവരും അറബിക് പഠിക്കുന്നവരുമായ 13 കുട്ടികളുടെ എണ്ണം സമ്പൂർണ്ണയിൽ ചേർക്കാൻ വിട്ടുപോയി. തന്മൂലം ആകെ അറബിക്കിനുളള ഡിവിഷനുകൾ 7 ആയി (28 പിരീഡ്) കണക്കാക്കുകയും കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ് ൽ 2024-25 ൽ ജൂനിയർ അറബിക് തസ്തിക കുറവ് വരുന്ന സ്ഥിതി ഉണ്ടാവുകയും ചെയ്തു. അബദ്ധവശാൽ സമ്പൂർണ്ണയിൽ ഇപ്രകാരം എട്ടാം സ്റ്റാൻഡേർഡിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണം 36 എന്നതിന് പകരം 23 എന്ന് രേഖപ്പെടുത്തിപ്പോയതു മൂലം വന്ന പിശക് തിരുത്തി കിട്ടാൻ വേണ്ടി സ്കൂൾ വൈസ് പ്രിൻസിപ്പാൾ 25/06/2024 ൽ ബഹു. തിരു: ഡി.ഇ.ഒ.-ക്ക് അപേക്ഷ നൽകിയെങ്കിലും ആയത് പരിഗണിക്കപ്പെട്ടില്ല. ഈ സാഹചര്യത്തിൽ, സ്കൂൾ വൈസ് പ്രിൻസിപ്പാൾ വീണ്ടും ബഹു പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും തനിക്കു പറ്റിയ സാങ്കേതികമായ പിഴവ് ചൂണ്ടിക്കാട്ടി, സമ്പൂർണ്ണ സൈറ്റ് വീണ്ടും ഓപ്പണാക്കി സ്റ്റാൻഡേർഡ് 8 ൽ അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണം 23-ന് പകരം 36 എന്ന് കറക്റ്റ് ചെയ്യുന്നതിന് അനുമതി തേടി അപേക്ഷ സമർപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ അപേക്ഷ പരിഗണിച്ച ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമ്പൂർണ്ണയിൽ കറക്ഷൻ വരുത്തുന്നതിന് ചട്ടപ്രകാരം മേലധികാരിക്ക് അപ്പീൽ നൽകി പരിഹാരം തേടാൻ നിർദ്ദേശിച്ചുത്തരവായി.

ii) അപ്രകാരം 23/08/2024-ൽ കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ് മാനേജർ,

2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിനെതിരെ Rule 12D, Chapter XXIII KER പ്രകാരം തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. ഈ അപ്പീലിന്മേൽ ബന്ധപ്പെട്ടവരുമായി 16/11/2024 ൽ ബഹു. വിദ്യാഭ്യാസ ഉപഡയറക്ടർ ഒരു നേർക്കൂടിക്കാഴ്ച്ച നടത്തുകയുണ്ടായി. സമ്പൂർണ്ണയിൽ കുട്ടികളുടെ വിവരങ്ങൾ നൽകുന്നത് സ്കൂൾ അധികൃതരാകയാൽ പ്രസ്തുത വിവരങ്ങളിൽ മാറ്റം വരുത്തുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അധികാരമില്ലാത്തതിനാലാണ് ഒരു എൽ.ജി. അറബിക് തസ്തിക ഒഴിവാക്കി നൽകിയതെന്ന് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു. ടി വിഷയത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽനിന്നും ഉണ്ടായിക്കൊണ്ടിരുന്ന പ്രതികൂല റിപ്പോർട്ടുകൾക്ക് പരിഹാരം കാണുന്നതിനും സമയബന്ധിതമായ നടപടി പ്രതീക്ഷിച്ചും 24/10/2024 ൽ ഞാൻ അഡിഷണൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ (ജനറൽ) നേരിട്ട് കണ്ട് ഒരു നിവേദനം നൽകുകയും എന്റെ മാനസികാവസ്ഥ ബോധ്യപ്പെടുത്തുകയും കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ് ൽ യാഥാർത്ഥത്തിൽ അറബിക് ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികളുടെ എണ്ണം വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ വെരിഫൈ ചെയ്ത് നിജസ്ഥിതി വിലയിരുത്തണമെന്നും എന്നെ ഒരു തകർച്ചയിൽ നിന്നും രക്ഷിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. കൂടാതെ എന്റെ പരിതാപകരമായ സാഹചര്യം 06/11/2024 ൽ ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വ്യക്തിപരമായ ശ്രദ്ധയിലും പെടുത്തിയിരുന്നു. മാനേജരുടെ അപ്പീലിന്റെ വാദഗതികൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് എന്നിവ പരിശോധിച്ച ബഹു വിദ്യാഭ്യാസ ഉപഡയറക്ടർ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി 06/02/2025 ൽ സ്കൂൾ നേരിൽ സന്ദർശിച്ച് കുട്ടികളുടെ യു.ഐ.ഡി രേഖകൾ, ഹാജർ നില, അഡ്മിഷൻ രജിസ്റ്റർ തുടങ്ങിയവ പരിശോധിക്കുകയും എട്ടാം ക്ലാസിൽ യാഥാർത്ഥത്തിൽ 36 കുട്ടികൾ അറബിക് പഠിക്കുന്നതായി രേഖകൾ പ്രകാരം കണ്ടെത്തിയിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ 36 കുട്ടികളുടെയും അർദ്ധ വാർഷിക പരീക്ഷയുടെ ഉത്തര കടലാസുകളും വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിക്കുകയുണ്ടായി. പുതതായി എട്ടാം ക്ലാസിൽ പ്രവേശനം നേടിയ 13 കുട്ടികളുടെ വിവരങ്ങൾ സമ്പൂർണ്ണയിൽ രേഖപ്പെടുത്തുവാൻ വിട്ടുപോയതിനാലാണ് തസ്തികയിൽ കുറവ് സംഭവിച്ചതെന്ന് സ്കൂൾ പ്രഥമ അധ്യാപികയും വിദ്യാഭ്യാസ ഉപഡയറക്ടറെ സന്ദർശന സമയത്ത് ബോധ്യപ്പെടുത്തിയിരുന്നു. ഹാജർ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ 13 കുട്ടികളും നിലവിൽ അറബിക് പഠിച്ചു വരുന്നവരാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും, മാനേജരുടെ അപ്പീൽ വാദങ്ങൾ വസ്തുതാപരമാണെന്നും 17/02/2025 ൽ ബഹു: തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ച നമ്പർ B3/770093/2024 ഉത്തരവിൽ സംശയലേശമന്യേ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആറാം പ്രവർത്തി ദിവസത്തിൽ സമ്പൂർണ്ണയിൽ നടത്തിയിട്ടുള്ള എൻറോൾമെന്റ് സംബന്ധിച്ച വിവരങ്ങളിൽ കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ വരുത്താൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അധികാരം ഇല്ലാത്തതുകൊണ്ടുമാത്രം മാനേജരുടെ അപ്പീൽ വിദ്യാഭ്യാസ ഉപഡയറക്ടർ നിരാകരിക്കുകയായിരുന്നു.

iii) സ്കൂൾ നേരിട്ട് സന്ദർശനം നടത്തി ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച്, എട്ടാം ക്ലാസിൽ അറബിക് യാഥാർത്ഥത്തിൽ പഠിച്ചു കൊണ്ടിരിക്കുന്ന 13 കുട്ടികളെ സമ്പൂർണ്ണയിൽ ചേർക്കാൻ സ്കൂൾ അധികൃതർക്ക് അബദ്ധവശാൽ വീഴ്ചയുണ്ടായതിനാലാണ് ഫലത്തിൽ തസ്തിക കുറവ് വന്ന് എന്നെ മാറ്റി നിർത്തിയതെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവിൽ ആധികാരികമായി സ്ഥിരീകരിച്ചിട്ടുണ്ട്. അതായത് 2024-25 വർഷം സ്കൂളിൽ അറബിക് പഠിക്കുന്ന

കുട്ടികളുടെ എണ്ണം ആറാം പ്രവർത്തി ദിവസം സമ്പൂർണ്ണയിൽ എൻറോൾ ചെയ്യുന്നതിൽ സ്കൂൾ അധികൃതർക്ക് പറ്റിയ വീഴ്ചയുടെ ബലിയാടാവുകയായിരുന്നു ഞാൻ. മറ്റു വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്ത എന്റെ കുടുംബം കടുത്ത സാമ്പത്തിക ബാധ്യതയിലും മനക്ലേശത്തിലും പെട്ടിരിക്കുകയാണ്. മാനസിക സംഘർഷത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന ഞാൻ നിത്യ ചെലവിനോ മകളുടെ വിദ്യാഭ്യാസത്തിനോ വകയില്ലാതെ വിഷമിക്കുകയാണ്. തസ്തിക നില നിൽക്കാൻ ആവശ്യമായ കുട്ടികൾ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കവേ വിഷയത്തിൽ തീരുമാനമെടുക്കാൻ ഉണ്ടായ കാലതാമസം മാത്രമാണ് വന്നിട്ടുള്ളത്. വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17/2/2025-ലെ ഉത്തരവിന്മേൽ മാനേജർ ക്രമ പ്രകാരം 4/3/2025 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിൽ ഇത് സംബന്ധിച്ച് നം RA(1)/818799/2025/DGE പ്രകാരം ഫയൽ നിലവിലുള്ളതായി മനസ്സിലാക്കുന്നു. എന്നാൽ സമ്പൂർണ്ണയിൽ മാറ്റം വരുത്താൻ ഉത്തരവ് നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും അധികാരമില്ലെന്നും അത് സർക്കാരിന് മാത്രമേ കഴിയുള്ളൂ എന്നും അറിയിച്ചിരിക്കുന്നു. ചുരുക്കത്തിൽ ആറാം സാദ്ധ്യായ ദിവസം സമ്പൂർണ്ണയിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ മാറ്റം വരുത്താനോ കൂട്ടിച്ചേർക്കലുകൾ നടത്താനോ ഉത്തരവിടാൻ വിദ്യാഭ്യാസ ഓഫീസറന്മാർക്കധികാരമില്ലാ യെന്നതാണ് അപ്പീൽ അനുവദിച്ച് എൽ.ജി അറബിക് തസ്തിക പുനസ്ഥാപിക്കുന്നതിനുള്ള ഏക തടസ്സമെന്ന് വ്യക്തമാകുന്നു.

iv) ഈ സാഹചര്യത്തിൽ KER Chapter 1, Rule 3 പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായ വിവേചനാധികാരമുപയോഗിച്ച്, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്-ലെ ആറാം സാദ്ധ്യായ ദിവസത്തെ സമ്പൂർണ്ണയിൽ ഉള്ള രേഖപ്പെടുത്തലുകളിൽ എട്ടാം സ്റ്റാൻഡേർഡിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണം 23 എന്നതിനു പകരം വിദ്യാഭ്യാസ ഉപഡയറക്ടർ നേരിൽ ബോധ്യപ്പെട്ട് ഉത്തരവ് പുറപ്പെടുവിച്ചതു പ്രകാരം 36 എന്ന് ഭേദഗതി ചെയ്തു എൻറോൾമെന്റ് വരുത്താൻ സ്കൂൾ എച്ച്.എം.നും ഇതിനായി സമ്പൂർണ്ണ ഓപ്പണാക്കാൻ ഐ.റ്റി. വിഭാഗത്തിനും, നിർദ്ദേശം നൽകണമെന്നും ടി ഭേദഗതിയുടെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്.-ലെ തസ്തിക നിർണയം പുനർനിർണ്ണയിച്ച് 2023-24 വർഷം വരെ നിലനിന്നിരുന്ന ജൂനിയർ അറബിക് തസ്തിക 2024-25 വർഷവും നിലനിർത്തി പുനരുത്തരവാക്കാൻ ബന്ധപ്പെട്ട അധികൃതർക്ക് അവസരം നൽകകണം.

3) <u>നേരിൽ കേട്ട വേളയിൽ മാനേജർ, ഹെഡ്മിസ്ട്രസ്സ് എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്-ൽ വർഷങ്ങളായി V മുതൽ X വരെയുള്ള ക്ലാസ്സുകളിൽ അറബിക് ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികളും യു.പി വിഭാഗത്തിൽ ഒരു ജൂനിയർ അറബിക് തസ്തികയും എച്ച്.എസ് വിഭാഗത്തിൽ ഒരു എച്ച്.എസ്.ടി അറബിക് തസ്തികയും നിലനിന്നിരുന്നു. 2024-2025 വർഷത്തിൽ 8 -ആം ക്ലാസ്സിൽ അറബിക് പഠിക്കുന്നതിന് 36 കുട്ടികൾ ഉണ്ടായിരുന്നു. ഇതിൽ 23 പേർ 7-ആം ക്ലാസ്സിൽ നിന്ന് വിജയിച്ചു വന്നവരും 13 പേർ 8-ആം ക്ലാസ്സിൽ പുതുതായി TC മുഖേന വന്നു ചേർന്നവരും ആയിരുന്നു. 6-ആം പ്രവർത്തി ദിവസത്തെ അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണം സമ്പൂർണ്ണ പോർട്ടലിൽ

രേഖപ്പെടുത്തിയപ്പോൾ അബദ്ധവശാൽ 36 നു പകരം 23 എന്ന് രേഖപ്പെടുത്തുകയും പുതുതായി ചേർന്ന 13 കുട്ടികളുടെ എണ്ണം ചേർക്കാൻ വിട്ടുപോകുകയും ചെയ്തു. ഹെഡ്മിസ്ട്രസ് പുതുതായി പ്രമോഷൻ ലഭിച്ച ആളും സമ്പൂർണ്ണയിൽ ഡാറ്റ എന്റർ ചെയ്ത ടീച്ചറിന്റെ പരിചയക്കുറവുമാണ് ഇങ്ങനെയൊരു പിശക് സംഭവിക്കാൻ ഇടയായത്. അബദ്ധം ശ്രദ്ധയിൽ പെട്ടതിനെത്തുടർന്ന് സമ്പൂർണ്ണയിൽ കറക്ഷൻ രേഖപ്പെടുത്താൻ ലഭിച്ച ആദ്യ അവസരത്തിൽ തന്നെ പിശക് പരിഹരിച്ച് ശരിയായ എണ്ണമായ 36 രേഖപ്പെടുത്തുകയും ചെയ്തു. പ്രിൻറ് ഔട്ട് കോപ്പി തെളിവായി ചേർക്കുന്നു. എന്നാൽ സമ്പൂർണ്ണയിൽ ആദ്യം തെറ്റായി രേഖപ്പെടുത്തിയ 23 കുട്ടികളുടെ എണ്ണം മാത്രമേ തസ്തിക നിർണ്ണയ പോർട്ടലായ സമന്വയയിലേക്ക് മാറ്റപ്പെട്ടുള്ളൂ. സമന്വയയിൽ കറക്ഷൻ നടത്തുന്നതിനുള്ള ശ്രമങ്ങൾ ഒന്നും വിജയിച്ചതുമില്ല. മേൽ കാരണത്താൽ 8-ാം ക്ലാസ്സിൽ അറബിക് പഠനത്തിന് ലഭിക്കേണ്ടിയിരുന്ന 2 ഡിവിഷനുകൾ ഒന്നായി കുറയുകയും 4 പീരിയേഡിന്റെ കുറവ് സംഭവിക്കുകയും ചെയ്തു തന്മൂലം ആകെ 32 പീരിയേഡിന് 1 എച്ച്.എസ്.എ തസ്തികയും 1 ജൂനിയർ അറബിക് തസ്തികയും ലഭിക്കേണ്ടതിനു പകരം 28 പീരിയേഡിന് 1 എച്ച്.എസ്.എ തസ്തിക മാത്രമാണ് അനുവദിച്ചത്.

| STD | NO.OF STUDENTS | DIVISIONS | PERIOD | POST ADMISSIBLE |
|---|---|---|---|---|
| 5 | 12 | 1 | 4 | |
| 6 | 18 | 1 | 4 | |
| 7 | 39 | 2 | 8 | 1 LG ARABIC |
| 8 | 36 | 2 | 8 | |
| 9 | 46 | 1 | 4 | 1 HST ARABIC |
| 10 | 32 | 1 | 4 | |
| **TOTAL** | **183** | **8** | **32** | RULE 6 F CHAPTER XXIII KER |

8-ആം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം രേഖപ്പെടുത്തുന്നതിൽ വന്ന പിശക് ഒന്നുകൊണ്ട് മാത്രമാണ് ഒരു ജൂനിയർ അറബിക് തസ്തിക നഷ്ടമാവാൻ ഇടയായത്. ഇക്കാര്യങ്ങൾ എല്ലാം കാണിച്ച് ബഹു വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ നൽകിയിരുന്നു. രേഖകൾ പരിശോധിച്ചും കുട്ടികളുടെ എണ്ണം സ്കൂളിൽ നേരിട്ട് വന്ന് പരിശോധിച്ചും യഥാർത്ഥ വസ്തുതകൾ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ബോധ്യപ്പെടുകയും ചെയ്തു. എന്നാൽ 6-ാം പ്രവർത്തിദിനത്തിൽ സ്കൂളിൽ നിന്ന് രേഖപ്പെടുത്തിയിട്ടുള്ള എൻറോൾമെന്റ് സംബന്ധിച്ച് വിവരങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി തസ്തികനിർണ്ണയ ഉത്തരവ് പുനർനിർണ്ണയിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അധികാരമില്ല എന്ന ഒറ്റക്കരണത്താലാണ് അപ്പീൽ നിരസിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ വസ്ഉതകൾ കാര്യകാരണ സഹിതം ബോധ്യപ്പെട്ട് 2024-2025 ൽ കണിയാപുരം മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്-ൽ കുറവ് ചെയ്ത ഒരു ജൂനിയർ അറബിക് തസ്തിക പുനഃസ്ഥാപിച്ച് യു.പി വിഭാഗത്തിൽ അറബിക് പഠിക്കാനുള്ള കുട്ടികളുടെ അവകാശം സംരക്ഷിക്കണമെന്നും അപേക്ഷിക്കുന്നു. മാത്രമല്ല ഒരധിക തസ്തിക സൃഷ്ടിക്കാനല്ല മറിച്ച് നിലവിലുണ്ടായിരുന്ന തസ്തിക പുനഃസ്ഥാപിച്ച് തസ്തികയില്ലാതെ പുറത്തായ ശ്രീമതി അനീസ.എസ് എന്ന ടീച്ചറെ സംരക്ഷിക്കുക എന്ന കേവല ആവശ്യം മാത്രമാണ് ഉന്നയിക്കുന്നത് എന്ന വസ്ഉതയും അർഹമായ പരിഗണന നൽകണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുന്നു.

4) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

2024-2025 വർഷം കണിയാപുരം മുസ്ലിം ഗേൾസ് ഹൈസ്കൂളിലെ ആറാം പ്രവർത്തി ദിനത്തിലെ അറബിക് ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികളുടെ എഫക്ടീവ് സ്ട്രെങ്ത് ചുവടെ പറയും പ്രകാരമാണ്.

| ക്ലാസ് | V | VI | VII | VIII | IX | X | ആകെ ഡിവിഷൻ |
|---|---|---|---|---|---|---|---|
| കുട്ടികളുടെ എഫക്ടീവ് സ്ട്രെങ്ത് | 12 | 18 | 39 | 23 | 46 | 32 | |
| അനുവദിക്കാവുന്ന ഡിവിഷൻ | 1 | 1 | 2 | 1 | 1 | 1 | 7 |

7 X 4 = 28 പിരീഡുകൾക്ക് ഒരു എച്ച്.എസ്.ടി അറബിക് തസ്തിക മാത്രമാണ് അനുവദനീയം ആയതിനാൽ 2024-2025 വർഷത്തെ ആറാം പ്രവർത്തി ദിനത്തിലെ അറബിക് ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മുൻവർഷം നിലനിന്നിരുന്ന ജൂനിയർ അറബിക് തസ്തിക കുറവ് വരുന്നു. ടി സാഹചര്യത്തിൽ കണിയാപുരം മുസ്ലിം ഗേൾസ്

ഹൈസ്കൂളിലെ ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി.താജുന്നിസയ്ക്ക് തസ്തിക നഷ്ടമാകുന്ന സാഹചര്യമുണ്ടായി. ഇതുമൂലം ശ്രീമതി.താജുന്നിസ സീനിയർ അധ്യപികയായതിനാൽ ഇതേ മാനേജ്മെന്റിനു കീഴിലുള്ള കണിയാപുരം മുസ്ലിം ബോയ്സ് സ്കൂളിൽ നിലനിൽക്കുന്ന ജൂനിയർ അറബിക് തസ്തികയിലേക്ക് മാറ്റി മാനേജർ ക്രമീകരിക്കുകയും ടി തസ്തികയിൽ തുടർന്ന് വന്നിരുന്ന ജൂനിയർ അറബിക് അധ്യാപികയായ ശ്രീമതി അനീസ ജെ-യ്ക്ക് സംരക്ഷണ ആനുകൂല്യമില്ലാത്തതിനാൽ സേവനത്തിൽ നിന്ന് പുറത്താകുകയും ചെയ്തു. സമ്പൂർണ്ണയിൽ എണ്ണം രേഖപ്പെടുത്തിയതിലെ പിശക് കാരണമാണ് പ്രസ്തുത തസ്തിക നഷ്ടമായത് എന്നും ആയത് തിരുത്തി നൽകണമെന്ന് മാനേജർ അപേക്ഷ സമർപ്പിച്ചിരുന്നു. സമ്പൂർണയിൽ കുട്ടികളുടെ വിവരങ്ങൾ നൽകുന്നത് സ്കൂളിൽ നിന്നുമാണ്. ടി വിവരങ്ങൾ സ്കൂളിൽ നിന്ന് പ്രധാനാധ്യാപിക തസ്തിക നിർണ്ണയം നടത്തുന്നതിന് മുൻപ് സമന്വയിൽ സിങ്ക് ചെയുകയും ആയതിന്റെ അടിസ്ഥാനത്തിലാണ് കുട്ടികളുടെ എഫ്ഫക്റ്റിവ് സ്ട്രെങ്ങ്ത് പ്രകാരം തസ്തിക നിർണ്ണയം നടത്തുന്നത്. കുട്ടികളുടെ വിവരങ്ങൾ വളരെ ശ്രദ്ധയോടെ നൽകേണ്ടത് പ്രധാനാധ്യാപികയുടെ പൂർണ ഉത്തരവാദിത്തമാണ്. തസ്തിക നിർണ്ണയം നടന്നതിനു ശേഷം കുട്ടികളുടെ എണ്ണം രേഖപെട്ടുതിയത്തിൽ പിഴവ് സംഭവിച്ചതാണ് എന്നും യഥാർത്ഥത്തിൽ എട്ടാം ക്ലാസ്സിൽ അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണം 3 6 എന്നതിന് പകരം 2 3 ആയിട്ടാണ് നൽകിയിട്ടുള്ളതെന്നാണ് പ്രധാനാധ്യാപിക റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സമ്പൂർണയിൽ നിന്ന് സമന്വയിൽ സിങ്ക് ചെയ്യപെടുന്ന വിവരങ്ങളിൽ മാറ്റം വരുത്തുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് കഴിയുകയില്ല. സമന്വയിൽ ലഭിച്ചിട്ടുള്ള എട്ടാം ക്ലാസ്സിലെ കുട്ടികളുടെ എഫക്ടീവ് സ്ട്രെങ്ങ്ത് അനുസരിച്ചാണ് തസ്തിക നിർണ്ണയം നടത്തിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. ടി വിഷയം വിദ്യാഭ്യാസ ഉപ ഡയറക്ടർ പരിശോധിക്കുകയും കുട്ടികളുടെ എണ്ണത്തിന്റെയും പരിശോധിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ തസ്തിക നിലനിൽക്കുന്നതാണെന്ന് കണ്ടെത്തിയെങ്കിലും സമന്വയ മുഖേന ലഭിക്കുന്ന ആറാം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ എഫ്ഫക്റ്റിവ് സ്ട്രെങ്ങ്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡിവിഷനുകളും തസ്തികകളും അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ അപ്പീൽ നിരസിക്കുകയാണ് ഉണ്ടായത്. ഇതേ തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുമുള്ള നിർദേശപ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച് നടത്തിയ പരിശോധനയിലും കുട്ടികളുടെ യു.ഐ.ഡി രേഖകൾ, ഹാജർ പുസ്തകം, അഡ്മിഷൻ രജിസ്റ്റർ, പരീക്ഷ പേപ്പർ എന്നിവ പരിശോധിച്ചതിലൂടെ കുട്ടികളുടെ എണ്ണം36 ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. പുതുതായി പ്രവേശനം നേടിയ 13 വിദ്യാർത്ഥികളുടെ അറബിക് പഠനം സംബന്ധിച്ച വിവരങ്ങൾ സമ്പൂർണ്ണയിൽ ചേർക്കുവാൻ സാധിക്കാതെ പോയതിനാലാണ് തസ്തിക നഷ്ടം സംഭവിച്ചത് എന്ന് പ്രഥമാധ്യാപിക അറിയിച്ചു. സമ്പൂർണ്ണയിലെ ആറാം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ വിവരങ്ങൾ തിരുത്താൻ സാധിക്കാത്തതിനാൽ സമ്പൂർണ്ണയിൽ ഇപ്പോഴും എട്ടാം ക്ലാസ്സിലെ അറബിക് കുട്ടികളുടെ എണ്ണം 23 മാത്രമാണ്.

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള നിർദേശപ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിച്ച്

നടത്തിയ പരിശോധനയിലും കുട്ടികളുടെ യു.ഐ.ഡി രേഖകൾ, ഹാജർ പുസ്തകം, അഡ്മിഷൻ രജിസ്റ്റർ, പരീക്ഷ പേപ്പർ എന്നിവ പരിശോധിച്ചതിലൂടെ കുട്ടികളുടെ എണ്ണം 36 ആണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ തന്നെ മാനേജരുടെ അപ്പീൽ വാദങ്ങൾ വസ്തുതാപരമാണെന്നും എന്നാൽ സമ്പൂർണ്ണയിലെ ആറാം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ വിവരങ്ങൾ തിരുത്താൻ സാധിക്കാത്തതിനാൽ സമ്പൂർണ്ണയിൽ ഇപ്പോഴും എട്ടാം ക്ലാസ്സിലെ അറബിക് കുട്ടികളുടെ എണ്ണം 23 മാത്രമാണെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) മേൽ സാഹചര്യത്തിൽ തെറ്റായ വിവരം നൽകിയ പ്രധാനാധ്യാപികക്ക് എതിരെ നടപടി സ്വീകരിക്കുന്നതിന് നിയമനാധികാരിക്ക് നിർദേശം നൽകിക്കൊണ്ടും, സമ്പൂർണ്ണയിൽ കുട്ടികളെ ചേർക്കുന്നതിൽ വന്ന വീഴ്ച ഒഴിവാക്കി നൽകി കൊണ്ടും ഇതൊരു കീഴ്വഴക്കമാകാത്ത വിധം, 2024-25 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം ശരിയായി സമ്പൂർണ്ണയിൽ രേഖപ്പെടുത്തുന്നതിന് KITE-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാനും, ആയതിന്റെ അടിസ്ഥാനത്തിൽ തസ്തിക പുനർനിർണയിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.
ശ്രീമതി. അനീസ ജെ, ജൂനിയർ അറബിക് ടീച്ചർ,മുസ്ലിം ബോയ്സ് എച്ച്.എസ്, കണിയാപുരം, തിരുവനന്തപുരം.
മാനേജർ, മുസ്ലിം ബോയ്സ് എച്ച്.എസ് & മുസ്ലിം ഗേൾസ് എച്ച്.എസ്.എസ് കണിയാപുരം, തിരുവനന്തപുരം. - 695301
ഹെഡ്മിസ്ട്രസ്, മുസ്ലിം ഗേൾസ് എച്ച്.എസ്.എസ്, കണിയാപുരം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 16-07-2025 15:24:27